(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ആക്ഷേപത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു വെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കായിക പരിശീലനം നിരോധിച്ചുകൊണ്ട് യാതൊരു നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ സ്വയരക്ഷക്കായോ കയ്യേറ്റസ്വഭാവ മുള്ള രീതിയിൽ ഉൾകൊള്ളുന്നതോ ആയ കായിക പരിശീലനങ്ങൾ കേരള പോലീസ് (അമന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം സർക്കാർ അധികാര പ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരുടെ അധികാരം വാങ്ങിയതിനുശേഷം മാത്രമേ നടത്താൻ പാടുള്ളു.

(ബി) 18-1-2000 ത്തിൽ നിലവിൽവന്ന കേരളാ പോലീസ് (അമെന്റ്മെന്റ്) ഓർഡിനൻസ് 2000 പ്രകാരം കേരളത്തിൽ കായിക പരിശീലനത്തിൽ ചില നിയ ന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

തീവ്രവാദപ്രവർത്തങ്ങൾ

68(809)ശ്രീ. എം. നാരായണൻ (കുഴൽമന്ദം): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മതതീവ്രവാദി കളുടെയും മറ്റു തീവ്രവാദികളുടെയും തീവ്രവാദപ്രവർത്തനങ്ങൾ തടയുന്ന തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീക രിക്കുമോ;

(ബി) എത്ര മത മൗലിക തീവ്രവാദ സംഘടനകൾ കേരളത്തി ലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്; അതിൽ ഏതെങ്കിലും സംഘടനയെ നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അയൽ സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദപ്രവർത്തകർ സംസ്ഥാനത്തേയ്ക്ക് കടക്കുന്നത് തടയുന്നതിന് ബന്ധപ്പെട്ട സംസ്ഥാന പോലീസുമായി സഹകരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തമാക്കി യിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ തസ്തികകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിച്ചിട്ടുണ്ട്. ബോംബും മറ്റ് സ്ഫോടക വസ്തുക്കളും കണ്ടെടുക്കുന്നതിനും നിർവീര്യമാക്കുന്നതിനുമുള്ള ആധുനിക സംവിധാനങ്ങളോടുകൂടി ഇന്റലിജൻസ് വിഭാഗം ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. മത മൗലികവാദ സംഘടനകളുമായി ബന്ധപ്പെട്ട സ്ഫോടകവസ്തു ശേഖരവും നിർമ്മാണവും കർശനമായി തടയുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗം നടത്തുന്ന അന്വേഷണത്തിനു പുറമെ ഓരോ ജില്ലാ അതിർത്തിക്കു ള്ളിലും പ്രസ്തുത വിവരങ്ങൾ മുൻകൂട്ടിശേഖരിച്ച് അറിയിക്കുന്നതിന് ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി മാരെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഘടകളുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ച് യുക്തമായ നടപടികൾ അപ്പോഴപ്പോൾ സ്വീകരിക്കുന്നുണ്ട്. മതതീവ്രവാദ പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളും വർഗ്ഗീയ കലാപങ്ങളും നേരിടുന്നതിന് മലപ്പുറത്ത് പാണ്ടിക്കാട് ആസ്ഥാനമാക്കി ഒരു ദ്രുതകർമ്മ സേന പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനു പുറമെ ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനുള്ള മതതീവ്രവാദപ്രവർത്തങ്ങൾ അമർച്ച ചെയ്യുന്നതിനുമായി കേരള റൈഫിൾസ് എന്ന പേരിൽ മൂന്നു സായുധസേനാബറ്റാലിയനുകൾ രൂപീകരിക്കുവാനും ഉത്തരവായിട്ടുണ്ട്.

(ബി) പന്ത്രണ്ട് മത മൗലീക സംഘടനകൾ ഉള്ളതായി അറിവായിട്ടുണ്ട്. പ്രസ്തുത സംഘടനകളെ നിരോധിക്കാൻ സംസ്ഥാന സർക്കാർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ

69(810)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ മെഴുവേലി പഞ്ചായത്തിൽപ്പെട്ട ഇലവുംതിട്ടയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഈ വർഷത്തിൽ തന്നെ ഇലവുംതിട്ടയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) & (ഡി) ഇലവുംതിട്ട പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഡി.ജി.പി. യോടാവശ്യപ്പെട്ടിട്ടുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിലെ കായിക താരങ്ങൾ

70(811) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കായിക താരങ്ങൾ ജോലി ചെയ്യുന്നുണ്ട്. ഓരോ വിഭാഗത്തെയും തരംതിരിച്ച് വിശദമാക്കുമോ;

(ബി) പോലീസ് ഫുട്ബോൾ, വോളിബോൾ, ബാസ്ക്കറ്റ് ബോൾ ടീമുകളിൽ ഇപ്പോൾ കളിക്കുന്നവരുടെ പേരുകൾ വ്യക്തമാക്കുമോ; ഈ കളിക്കാരെ തെരഞ്ഞെടുത്തത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly